പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2238 | 5/12/2018 ൽ മറുപടി<br>നല്കേണ്ടത്. |

## പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ പതിപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പശ ആരോഗ്യത്തിന് ഹാനികരണമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. പഴങ്ങളിലും പച്ചക്കറികളിലും ഉപയോഗിക്കപ്പെടുന്ന പശ ആരോഗ്യത്തിന് ഹാനികരമാണെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്. |
| ബി) | ആരോഗ്യത്തിന് ഹാനികരമായ ഇത്തരം പ്രവണതകൾ തടയുന്നതിന് ഭക്ഷ്യസുരക്ഷാവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര കടകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | ബി) | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യ 25.10.2018 ന് ഇതുസംബന്ധിച്ച് സംസ്ഥാനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പഴം പച്ചക്കറികളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ പതിച്ചതായി കണ്ട സ്ഥാപനങ്ങളിൽ ഫുഡ് ഗ്രേഡ് പശ മാത്രമേ ഉപയോഗിക്കാവൂ എന്നും അനാവശ്യമായി ഇത്തരം സ്റ്റിക്കറുകൾ പതിക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പഴങ്ങളിലും പച്ചക്കറികളിലും സ്റ്റിക്കർ പതിച്ചതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ കടകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ